# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണിമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി11-2097/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി11-2097/2023 തീയ്യതി: 26/12/2023

## കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2023 | 21-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-12-2023 | 21-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. രാജേഷ് എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രഞ്ജിത്ത് എം.. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയിംസ്. പി. സൈമൺ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷിജുകുമാർ സി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷോളി ഫിലിപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2022 | 17-11-2022 |
| അഞ്ജലി. പി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 18-11-2022 | 31-03-2023 |
| ഡോ. ജ്യോതിസ് .കെ. എം | വെറ്ററിനറി സർജൻ | 01-04-2022 | 26-09-2022 |
| ഡോ. അഖിൽ ശ്യാം. ബി | വെറ്ററിനറി സർജൻ | 27-09-2022 | 16-03-2023 |
| ഡോ. അനഘ. എസ് | വെറ്ററിനറി സർജൻ | 17-03-2023 | 31-03-2023 |
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| യമുന ജോസ് | കൃഷി ഓഫീസർ (I/C) | 01-10-2022 | 13-01-2023 |
| ആർദ്ര ആൻ പോൾ | കൃഷി ഓഫീസർ (I/C) | 14-01-2023 | 30-03-2023 |
| നന്ദന. എസ്. കുമാർ | കൃഷി ഓഫീസർ | 31-03-2023 | 31-03-2023 |
| ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മണിമല) | 01-04-2022 | 31-03-2023 |
| സിനിമോൾ. വി. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കറിക്കാട്ടൂർ) | 01-04-2022 | 18-11-2022 |
| ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കറിക്കാട്ടൂർ) | 19-11-2022 | 10-01-2023 |
| സിനിമോൾ. വി. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കറിക്കാട്ടൂർ) | 11-01-2023 | 31-03-2023 |
| ഡോ. മുഹമ്മദ് ആസിഫ് | മെഡിക്കൽ ഓഫീസർ (PHC) | 01-04-2022 | 31-03-2023 |
| ശോഭനകുമാരി. എം. പി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| എലിൻ മൈക്കിൾ | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 05-01-2023 | 20-01-2023 |
| മെറീന തോമസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 21-01-2023 | 31-03-2023 |
| ജിസ്സ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-01-2023 |
| അനു കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-01-2023 | 31-03-2023 |
| പ്രമോൾ ദാസ് | സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന രേഖകൾ ലഭ്യമല്ല | 1-1-1 |
| 3 | തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അകൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | അഡ്വാൻസ് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-5 |
| 7 | Bidders EMD തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-6 |
| 8 | Auction Deposit തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | നിർദ്ദേശിക്കപ്പെട്ട ശീർഷകങ്ങളിൽ തുകകൾ അകൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-8 |
| 10 | നിർമ്മൽ പുരസ്കാർ ബാലൻസ് (B-4) തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-9 |
| 11 | ഗുണഭോക്തൃവിഹിതം ബാലൻസ് തുക വിശദീകരിയ്ക്കപ്പെട്ടില്ല | 1-1-10 |
| 12 | ദുരിതാശ്വാസനിധി നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-11 |
| 13 | ILGMS Past Data Entry (PDE) അക്കൗണ്ടിങ്ങ് അപാകതകൾ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | വാർഷികപദ്ധതി അവലോകനം | 1-5 |
| 18 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | വസ്തുനികുതി നിർണ്ണയത്തിൽ കുറവ് | 1-11 |
| 24 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 25 | വൃക്ഷങ്ങൾ / തടികളുടെ മൂല്യം ലേല നടപടികൾ സ്വീകരിച്ച് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ് | 1-13 |
| 26 | ലേല തുക പൂർണ്ണമായും ഈടാക്കിയില്ല | 1-13-1 |
| 27 | കാർഷികലേലവിപണി കെട്ടിടം -വാടക നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ചില്ല | 1-14 |
| 28 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല | 1-15 |
| 29 | അധിക വിഭവസമാഹരണം | 1-16 |
| 30 | വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ വെള്ളക്കരം- ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല. | 1-17 |
| 31 | വിവിധ നിക്ഷേപപ്രവർത്തികൾ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-18 |
| 32 | സ്ട്രീറ്റ് ലൈറ്റ് -മീറ്റർ സ്ഥാപിച്ചിട്ടില്ല. | 1-19 |
| 33 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ഇലക്ട്രിക്കൽ കോൺട്രാക്റ്റ് ലൈസൻസ് ഇല്ലാത്ത കരാറുകാരന് പ്രവൃത്തി നൽകി | 1-20 |
| 34 | വനം പുറമ്പോക്ക് ഭൂമിയിലെ പഞ്ചായത്ത് കെട്ടിടങ്ങൾ - -കെട്ടിടങ്ങൾ ആസ്തിയിലുൾപ്പെടുത്താനുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 35 | മഴക്കാലപൂർവ്വ ശുചീകരണം-ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-22 |
| 36 | " ടേക്ക് എ ബ്രേക്ക് പബ്ളിക് ടോയ്ലറ്റ് " ആവശ്യമായ അനുമതികൾ ലഭിച്ചില്ല | 1-23 |

| | | |
|---|---|---|
| 37 | എസ് സി പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നു | 1-24 |
| 38 | 2017-18 ൽ ആരംഭിച്ച പൊതുശുചിമുറി നാളിതുവരെ ജനോപകാരപ്രദമാക്കിയില്ല | 1-25 |
| 39 | ലൈഫ് ഭവനപദ്ധതി പ്രവൃത്തി പൂർത്തീകരിക്കുന്നുള്ള ഗുണഭോക്താക്കളുടെ വിവരം | 1-26 |
| 40 | ഓഡിറ്റ് ഇംപാക്ട് | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) മണിമല ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.07.2023 തീയതിയിലെ 3 തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 (4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണിമല ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 അടിസ്ഥാന രേഖകൾ ലഭ്യമല്ല

31/03/2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

**1-1-2 തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

**1-1-3 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-4 ബാങ്ക് അകൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല**

40580101060124 നം. കേരള ഗ്രാമീൺ ബാങ്ക് മണിമല ശാഖയിലുള്ള ഹെൽത്ത് ഗ്രാന്റ് (ബിൽഡിംഗ്) ബാങ്ക് അകൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-5 അഡ്വാൻസ് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു**

വാർഷിക ധനകാര്യ പത്രിക 460500501/ RP-49 (Advance To Implementing Officers) ഇനത്തിലുള്ള തുകയും, സ്ഥാപനത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-6 Bidders EMD തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു**

Bidders EMD ഇനത്തിലുള്ള തുകയും (RP-33/340100103), സ്ഥാപനത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-7 Auction Deposit തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

Auction Deposit ഇനത്തിലുള്ള തുകയും (RP-33/340200102), സ്ഥാപനത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-8 നിർദ്ദേശിക്കപ്പെട്ട ശീർഷകങ്ങളിൽ തുകകൾ അകൗണ്ട് ചെയ്യപ്പെട്ടില്ല**

തൊഴിൽ രഹിത വേതനം ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (I6/ 160100757) തുകയിൽ (8,369,560/-) വ്യത്യാസം നിലനിൽക്കുന്നു. വിധവ പെൻഷൻ ഇനത്തിലുള്ള 8,363,800/- രൂപ പ്രത്യേക ശീർഷകത്തിൽ അകൗണ്ട് ചെയ്യപ്പെടാതെ, തൊഴിൽ രഹിത വേതനത്തിന്റെ ശീർഷകത്തിൽ അകൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നു. തൊഴിൽ രഹിത വേതനം ഇനത്തിൽ 5,760/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

**1-1-9 നിർമ്മൽ പുരസ്കാർ ബാലൻസ് (B-4) തുകയിൽ വ്യത്യാസം നിലനിൽക്കുന്നു**

വാർഷിക ധനകാര്യ പത്രിക B4/320100191 ശീർഷകത്തിലെ നിർമ്മൽ പുരസ്കാർ ഇനത്തിൽ നിലനിൽക്കുന്നത് 2,50,000/- രൂപയാണ്. പ്രോജക്റ്റ് നം. 82/ 2022-23 പ്രകാരം ചെലവഴിച്ച 2,37,791/- രൂപ അകൗണ്ട് ചെയ്യപ്പെടാതെയുള്ള തുകയാണ് B4 ഷെഡ്യൂളിൽ നിലനിൽക്കുന്നത്.

**1-1-10 ഗുണഭോക്തൃവിഹിതം ബാലൻസ് തുക വിശദീകരിക്കപ്പെട്ടില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B4/320800101 പ്രകാരം 31.03.2023 തീയതിയിൽ നിലനിൽക്കുന്ന ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 102,895/-രൂപയിൽ വ്യത്യാസം നിലനിൽക്കുന്നു. ടി തുക സ്ഥാപനത്തിലെ B4 രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃവിഹിതം ഇനത്തിൽ ബാലൻസ് നിലനിൽക്കുന്ന തുക വിശദീകരിക്കപ്പെട്ടില്ല.

### 1-1-11 ദുരിതാശ്വാസനിധി നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു

ദുരിതാശ്വാസനിധി സംബന്ധിച്ച് (B-2) ഷെഡ്യൂളിലും (RP 40 (B) ലും ഉള്ള തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-12 ILGMS Past Data Entry (PDE) അക്കൗണ്ടിങ് അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷമാണ് ILGMS പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അക്കൗണ്ടിങ് തുടർച്ചയ്ക്കായി, ILGMS-ൽ Past Data Entry (PDE) അക്കൗണ്ടിങ് നടത്തിയപ്പോൾ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.

31.03.2022 പ്രകാരമുള്ള സാംഖ്യ ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂളിലെ (Panchayat General Fund) ആകെ തുകയും (14,641,233/-), ILGMS ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂളിലെ (Panchayat General Fund) ആകെ തുകയും (13,969,939/-) തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

31.03.2022 പ്രകാരമുള്ള സാംഖ്യ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ (Grants, Funds, & Contributions For Specifiic Purposes) ആകെ തുകയും (7,120,860/-), ILGMS ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ ആകെ തുകയും (7,035,097/-) തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

31.03.2022 പ്രകാരമുള്ള സാംഖ്യ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ (Other Liabilities) ആകെ തുകയും (1,090,782/-), ILGMS ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ ആകെ തുകയും (1,176,545/-) തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതും പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 30.03.2022 -ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 20.03.2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള യഥാർത്ഥ വരവ് - ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ചബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,15,76,598/- | 1,03,88,597/- |
| വരവ് | 16,73,07,000/- | 16,22,98,400/- |
| ആകെ | 17,88,83,598/- | 17,26,86,997/- |
| ചെലവ് | 17,04,07,750/- | 16,34,45,750/- |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 84,75,848/- | 92,41,247/- |

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 15,148,516/- |
| ഓഡിറ്റ് വർഷത്തെ വരവ് | 34,468,071/- |
| ആകെ | 49,616,587/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 34,884,029/- |
| നീക്കിയിരിപ്പ് | 14,732,558/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 145,918,687/- |
| ആകെ ചെലവ് | 148,530,985/- |
| പ്രവർത്തന നഷ്ടം | (2,612,298) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (530,724) |
| അറ്റ പ്രവർത്തന നഷ്ടം | (3,143,022) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,46,473/- |

## 1-4 ഗ്രാന്റ് വിനിയോഗം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,35,64,000/- | 1,35,64,000/- | 1,35,21,329/- | 42,671/- | 99.68 |
| വികസന ഫണ്ട്-SCSP | 0 | 1,08,27,000/- | 1,08,27,000/- | 1,00,42,723/- | 7,84,277/- | 92.76 |
| വികസന ഫണ്ട്-TSP | 0 | 4,83,000/- | 4,83,000/- | 4,83,000/- | 0/- | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,04,865/- | 23,39,000/ + 1,34,302(പലിശ)+ 11407*(Retension) | 28,89,574/- | 22,03,200/- | 6,86,374/- | -- |
| "ട്രഷറി | 0 | 3,80,289/- | 3,80,289/- | 3,78,630/- | 1659/- | 99.56 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 19,54,800/- | 35,09,000/- | 54,63,800/- | 21,07,798/- | 33,56,002/- | -- |
| "ട്രഷറി | | 12,00,784/- | 12,00,784/- | 5,10,200/- | 6,90,584/- | 42.48 |
| മെയിന്റനൻസ് | 0 | 1,34,46,000/- | 1,34,46,000/- | 97,81,086/- | 36,64,914/- | 72.74 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Road | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,570,000/- | 4,570,000/- | 33,78,160/- | 11,91,840/- | 73.92 |
| ഹെൽത്ത് ഗ്രാന്റ് (Health&Wellness) | 0 | 1,60,000/+ 2074(Interest) | 1,62,074/- | 1,60,118/- | 1956/- | |
| ഹെൽത്ത് ഗ്രാന്റ് (Diagonostic Infrastructure) | 0 | 2,93,019/- + 3637(Interest) | 2,96,656/- | 2,93,122/- | 3534/- | |
| ശബരിമല ഗ്രാന്റ് | 0 | 11,79,000/- | 11,79,000/- | 10,16,630/- | 1,62,370/- | |

. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. *ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും വകയിരുത്തിയ പ്രൊജക്റ്റ് പ്രകാരം കിഴിവ് ചെയ്ത റിട്ടെൻഷൻ തുകയായ 11407/-രൂപ സെക്രട്ടറിയുടെ തനത്ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് പകരം തിരികെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ തന്നെ ക്രഡിറ്റ് ചെയ്തിരിക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 28-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22 /DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 65 സ്പിൽഓവർ പ്രോജക്ടുകളും 137 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 202 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 17,88,50,938/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 09-05-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 10-05-2022 |
| ഗ്രാമസഭ | 14-05-2022 മുതൽ 22-5-22 |
| വികസനസെമിനാർ | 10-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 28-02-2023 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 202 പ്രോജക്ടുകളിൽ 158 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 6,19,83,390/- രൂപയാണ്. ചെലവ് 34.65% മാത്രം. വികസനഫണ്ട് തുകകൾ ചെലവഴിക്കുന്നതിൽ വിജയം കൈവരിച്ചിരുന്നുവെങ്കിലും മറ്റ് ഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായില്ല. സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാപഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വൻതുകകൾ വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും അത്രയും തുകകൾ ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിരുന്നില്ല. ലൈഫ് പദ്ധതി(ജനറൽ)യ്ക്ക് വായ്പ തുക വകയിരുത്തിയിരുന്നത് 1.76 കോടി രൂപയായിരുന്നു. എന്നാൽ തൻവർഷം വായ്പതുക ചെലവഴിച്ചിരുന്നുമില്ല. . മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതി നിർവ്വഹണചുമതല 11 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയവ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവു % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 12,36,063/- | 12,35,833/- | 99.98 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 39,48,000/- | 39,36,000/- | 99.69 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 6 | 6 | 19,97,919/- | 17,60,349/- | 88.1 |
| 4 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 6,73,600/- | 1,31,266/- | 19.48 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 14 | 14 | 6,89,50,877/- | 1,57,22,419/- | 22.8 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 3 | 4,61,51,600/- | 32,13,000/- | 6.96 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 55,54,318/- | 49,39,344/- | 88.93 |
| 8 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 45 | 39 | 97,94,470/- | 74,69,433/- | 76.26 |
| 9 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 90 | 59 | 3,64,38,731/- | 1,95,88,357/- | 53.75 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 9,00,000/- | 9,00,000/- | 100 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 32,05,360/- | 30,87,389/- | 96.31 |
| | **ആകെ** | **202** | **158** | **17,88,50,938/-** | **6,19,83,390/-** | **34.65** |

**വാർഷികപദ്ധതി വിലയിരുത്തൽ**

അസി.എഞ്ചിനീയർ, വിഇഒ ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്റ്റ് നിർവ്വഹണത്തിൽ മികച്ച പുരോഗതിയുണ്ടായിരുന്നു. സെക്രട്ടറി, അസി.സെക്രട്ടറി എന്നിവരുൾപ്പടെ മറ്റ് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് അതീവ ജാഗ്രത പുലർത്തിയതായി കാണുന്നു. പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഭരണസമിതിയും സ്റ്റാൻഡിങ്ങ് കമ്മറ്റി അംഗങ്ങളും പദ്ധതി പുരോഗതി നിരീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സഞ്ചിതനിധിയിലേയ്ക്ക് 56 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 42,671/- |
| വികസന ഫണ്ട്-SCSP | 7,84,277/- |
| മെയിന്റനൻസ്ഗ്രാന്റ്-Road | 36,64,914/- |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 11,91,840/- |
| ആകെ ലാപ്സായ തുക | 56,83,702/- |

പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം ആകെ 3659 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 278പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 229പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 195പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 89045 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 373 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 184 അയൽക്കൂട്ടങ്ങളിൽ 184 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1349കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 922759.50 | 1478381.00 | 3456572.50 | 3456572.00 | 0.50 |
| ഇ.എഫ്.എം.എസ് | 00 | 36517325.00 | 36517325.00 | 36517325.00 | 00 |
| ആകെ | 922759.50 | 37995706.00 | 39973897.50 | 39973897.00 | 0.50 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,760/- | 04 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 21,502,500/- | 13845 |
| കർഷക തൊഴിലാളി പെൻഷൻ | 2,316,200/- | 1466 |
| വിധവ പെൻഷൻ | 8,363,800/- | 5268 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 363,200/- | 227 |
| വികലാംഗ പെൻഷൻ | 3,026,000/- | 1907 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000/- | 01 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 14.12.2023 -ന് 03.20 PM -ന് അകൗണ്ടൻറ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 69,910/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വളരെ മികച്ച രീതിയിലാണെന്ന് മനസ്സിലാക്കുന്നു. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തിലെ ജീവനക്കാരും, നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് അർപ്പണബോധത്തോടെ പ്രവർത്തിച്ചതിനാൽ തൻവർഷം സർക്കാർ ഗ്രാന്റുകളുടെ മികച്ച വിനിയോഗം സാദ്ധ്യമായി. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് വാടക എന്നിവ പൂർണ്ണമായും പിരിച്ചെടുക്കൽ, ഹോളിമാഗി പള്ളിപെരുനാളിനോടനുബന്ധിച്ച് നടന്ന സ്റ്റേഡിയം ലേലം എന്നിവയിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ അഭിനന്ദനാർഹമായ നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 | 01/2022 മുതൽ 03/2022 വരെ | 16.11.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2016 | 2011-12 മുതൽ 2015-16 വരെ | LBA(HQ)I/8A-2427/20,21 /12.05.2016 |

## 1-11 വസ്തുനികുതി നിർണ്ണയത്തിൽ കുറവ്

മണിമല ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം നികുതി നിർണ്ണയിച്ചതും 100 ച മീ കൂടുതൽ തറ വിസ്തീർണ്ണമുള്ളതുമായ താഴെ പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഒരാളുടെ പേരിലുള്ളതും 100 ച മീ കൂടുതൽ തറ വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് വിവിധ നമ്പർ നല്കിയിട്ടുള്ളതുമായ കെട്ടിടത്തിന് ബാധകമായതും പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചതുമായ 50 /-രൂപക്ക് പകരം 100 ച മീ കുറവ് തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30/-രൂപ പ്രകാരമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് തെറ്റായ നികുതി നിർണ്ണയം അടിസ്ഥാന നികുതിയിലുണ്ടായ കുറവ് ചുവടെ ചേർക്കുന്നു.

**കെട്ടിട ഉടമ- സന്തോഷ് എം, മണ്ണങ്കൽ, മൂക്കട**

| കെട്ടിട നമ്പർ വാർഡ് V | തറവിസ്തീർണ്ണം | ഈടാക്കിയ അടിസ്ഥാന നികുതി@30/ച മീ | ഈടാക്കേണ്ട അടിസ്ഥാന നികുതി @50/ച മീ | കുറവ് |
|---|---|---|---|---|
| 208 A | 56.40 | 1692 | 2820 | 1128 |
| 208 B | 15.16 | 454.80 | 758 | 303.20 |
| 208 C | 11.35 | 340.50 | 567.50 | 227 |
| 208 D | 14.34 | 430.20 | 717 | 286.80 |
| 208 E | 14.34 | 430.20 | 717 | 286.80 |
| 208 F | 14.34 | 430.20 | 717 | 286.80 |
| 208 G | 20.56 | 616.80 | 1028 | 411.20 |
| 208 H | 18.04 | 541.20 | 902 | 360.80 |
| ആകെ | | | | 3290.60 |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 10/19-12-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി പുതുക്കിയതിന്റെ അടിസ്ഥാനത്തിലുള്ള ഡിമാന്റ് നോട്ടീസ് ഹാജരാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ പുതുക്കിയ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിൽ പരിപാലിയ്ക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ/തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും, താഴെപറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | ഈടാക്കുവാൻ അവശേഷിക്കുന്ന അർദ്ധവർഷം | ഈടാക്കുവാൻ അവശേഷിക്കുന്ന നികുതി തുക |
|---|---|---|---|
| 1) | ശ്രീമതി. ജോസ്മിൻ. വി. ജോസ് | I | 1,250/- |

| | | | |
|---|---|---|---|
| | HSST ഫിസിക്സ്<br>സി. സി. എം ഹയർ<br>സെക്കൻഡറി സ്കൂൾ, കറിക്കാട്ടൂർ | | |
| 2) | Bro. ജോർജ്ജ്കുട്ടി സെബാസ്റ്റിൻ<br>HSST പൊളിറ്റിക്കൽ സയൻസ്<br>സി. സി. എം ഹയർ<br>സെക്കൻഡറി സ്കൂൾ, കറിക്കാട്ടൂർ | I, II | 2,500/-<br>(1,250/- X 2) |
| | ആകെ | | 3,750/- |

നികുതി അടവാക്കാത്തിനുള്ള സാഹചര്യം, 'Appointment Not Approved' എന്ന് തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രമ നം. (1)- ലെ ജീവനക്കാരൻ, രണ്ടാം അർദ്ധവർഷത്തിലെ നികുതി തുകയായ 1250/- രൂപ, (1220201252/ 02.03.2023) നം. രസീത് പ്രകാരം അടവാക്കിയിട്ടുള്ളതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ക്രമ നം. (1)- ലെ ജീവനക്കാരന്റെ ഒന്നാം അർദ്ധവർഷത്തിലെ നികുതി തുക ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും, ക്രമ നം. (2)- ൽ ഉൾപ്പെട്ട ജീവനക്കാരന്റെ നികുതി തുക, നിയമനം അംഗീകരിയ്ക്കപ്പെടുന്ന മുറയ്ക്ക് അടവാക്കേണ്ടതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/20.12.2023), മറുപടി ലഭ്യമായിട്ടുണ്ട്. ബ്രദർ ജോർജ്ജ്കുട്ടി സെബാസ്റ്റ്യന്റെ നിയമനം സ്ഥിരപ്പെടുത്തിയിട്ടില്ലെന്നും, ശ്രീമതി. ജോസ്മിൻ. വി. ജോസിന് 2022 ഒക്ടോബർ മുതലാണ് ശമ്പളം ലഭിക്കുവാൻ തുടങ്ങിയതെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. എന്നാൽ, ശ്രീമതി. ജോസ്മിൻ. വി. ജോസിൻ സേവനത്തിൽ പ്രവേശിച്ച തീയതിയോ, അരിയർ സാലറി ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ചും മറുപടിയിൽ നിന്നും വ്യക്തമാകുന്നില്ല. അരിയർ സാലറി ലഭ്യമായിട്ടുണ്ടെങ്കിൽ ടിയാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ശ്രീമതി. ജോസ്മിൻ. വി. ജോസിൻ, ബ്രദർ ജോർജ്ജ്കുട്ടി സെബാസ്റ്റ്യൻ എന്നിവർ സേവനത്തിൽ പ്രവേശിച്ച തീയതി, കുടിശ്ശിക സാലറി (ക്ലെയിം ചെയ്തിട്ടുണ്ടെങ്കിൽ) സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടെയുള്ള സർവീസ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ അറിയിക്കുന്നതാണ്.

**1-13 വൃക്ഷങ്ങൾ / തടികളുടെ മൂല്യം ലേല നടപടികൾ സ്വീകരിച്ച് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്**

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, വൃക്ഷങ്ങൾ / വെട്ടിയിട്ട മരങ്ങൾ തുടങ്ങിയവ സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ വാല്യുവേഷൻ, വിവിധ കമ്മിറ്റി തീരുമാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അവസ്ഥ | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1) | കുളമാവ് (5 കഷണം) | വെട്ടിയിട്ടത് | പഞ്ചായത്ത് ഓഫീസിന് സമീപമുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലപരിസരം |
| 2) | ആറ്റുവഞ്ചി (5 കഷണം) | | |

| | | | |
|---|---|---|---|
| 3) | ഇലവ് (1) | നിലയിൽ | വട്ടുകുന്നാമല പൊതു ശ്മശാനം |
| 4) | വട്ട (6 എണ്ണം) | | |
| 5) | തേക്ക് (6 എണ്ണം) | | |
| 6) | മരുത് (2 എണ്ണം) | | |
| 7) | വാളൻപുളി (1) | | |
| 8) | മഹാഗണി (1) | | കുടുംബാരോഗ്യ കേന്ദ്രം, മണിമല |
| 9) | പൂവാക (2 എണ്ണം) | | |
| 10) | തേക്ക് (1) | | പരുത്തപ്പാറ അങ്കണവാടി |

പ്രസ്തുത തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനായി പലതവണ ലേലനടപടികൾ സ്വീകരിച്ചിരുന്നെങ്കിലും വാല്യുവേഷൻ തുകയിൽ ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ തുക മുതൽക്കൂട്ടാൻ സാധിച്ചിട്ടില്ല. തൻമൂലം വെട്ടിയിട്ട പല തടികളും കിടന്ന് നാമാവശേഷമാകാൻ സാദ്ധ്യതയുണ്ടാകുന്നു. ആവശ്യമായ പരസ്യം നൽകി ലേലവും പുനർലേലവും നടത്തിയിട്ടും തടികൾ ലേലം കൊള്ളാൻ തയ്യാറാകാത്ത പക്ഷം മാർക്കറ്റിൽ പ്രാബല്യത്തിലുള്ള നിരക്കിനടിസ്ഥാനമാക്കി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് തടികൾ കൈയ്യൊഴിക്കുക വഴി തടികൾ നശിക്കുന്ന അവസ്ഥ ഒഴിവാക്കാനും സാധിക്കുന്നതാണ്. പ്രസ്തുത വൃക്ഷങ്ങൾ/തടികളുടെ ലേല നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച്, ആയതിന്റെ മൂല്യം തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-13-1 ലേല തുക പൂർണ്ണമായും ഈടാക്കിയില്ല**

മണിമല ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതിയിലുള്ള പൊതുമാർക്കറ്റ് 02.09.2022 തീയതിയിൽ ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഉയർന്ന തുകയായ 10,500/- രൂപ രേഖപ്പെടുത്തിയ ശ്രീ. ജോർജ്ജ് തോമസ് വളയത്തിന്, പഞ്ചായത്ത് ഭരണസമിതിയുടെ 01/02.09.2022 നം. തീരുമാനം പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകുകയും, ടി യാൾ EMD തുകയിനത്തിൽ 5000/- രൂപയും (രസീത് നം. 1220101170/01.09.2022), ലേല തുകയിനത്തിൽ 5000/- രൂപയും (രസീത് നം. 1220101186/02.09.2022), അടവാക്കിയിട്ടുണ്ട്. ലേല തുകയായ 10,500/- രൂപയും, ചരക്ക് സേവന നികുതി (@ 18 %) ഇനത്തിൽ 1,890/- രൂപയും ഉൾപ്പെടെ 12,390/- രൂപ അടവാക്കേണ്ടതുണ്ട്. ടി യാൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ചും, EMD തുക ലേല തുകയായി ക്രമീകരിക്കുകയോ, ശേഷിക്കുന്ന തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/20.12.2023), മാർക്കറ്റ് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ ടി യാളെ ലേലത്തിൽ നിന്നും ഒഴിവാക്കി തുക തിരികെ നൽകണമെന്ന ടിയാന്റെ അപേക്ഷ നിലനിൽക്കെ ഗ്രാമ പഞ്ചായത്തിന് മാർക്കറ്റ് ഏറ്റെടുത്ത് എം. സി. എഫ് പ്രവർത്തിപ്പിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായതായും ആയതിന് 8(1)/ 20.03.2023 നം. തീരുമാനം പ്രകാരം ഭരണസമിതി സാധൂകരണം നൽകുകയും ചെയ്തു എന്നും മറുപടി ലഭ്യമായി. നിലവിൽ മറ്റൊരു കെട്ടിടം കണ്ടെത്തുന്നത് വരെ ടി മാർക്കറ്റ് കെട്ടിടത്തിൽ എം. സി. എഫ് പ്രവർത്തിപ്പിക്കാനാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. ലേലത്തിന്റെ കാലാവധി 31.03.2023 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ ലേലക്കാരന്റെ അപേക്ഷ പരിഗണിച്ച് ഈടാക്കുവാനുള്ള തുക ഈടാക്കി, ലേല നടപടികൾ

അവസാനിപ്പിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. ലേല തുകയിൽ ഈടാക്കുവാനുള്ള തുക ഈടാക്കേണ്ടതും, വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 കാർഷികലേലവിപണി കെട്ടിടം -വാടക നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ചില്ല

മണിമല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം എൽ എ ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിൽ നിന്നും നിർമ്മിച്ചിരിക്കുന്ന കാർഷിക ലേലവിപണി എന്ന പേരിലുള്ള കെട്ടിടത്തിന് നമ്പർ ഇട്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനായി ടി കെട്ടിടം അളന്ന് തിട്ടപെടുത്തി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് തരുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി 11-7-22ലെ 7/1നം പ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. തുടർനടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/20-12-23) മറുപടിയായി കെട്ടിടം ആസ്തി രജിസ്റ്ററിലും സഞ്ചയയിലും ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിച്ചതായി കാണുന്നില്ല. വാടക നിശ്ചയിച്ച് ലേലനടപടികളിലൂടെ വരുമാനദായകമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല

2015-16 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് 2018 ജനവരി 1 മുതൽ 2023 ഡിസംബർ 21 വരെയുള്ള കാലയളവിൽ 1,54,479/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശികയായ തുക ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസ് എ ഇ യുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും ആയത് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-16 അധിക വിഭവസമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നു ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി പിരിവ്, ലൈസൻസ് പിരിവ് എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു

കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. കൂടാതെ എല്ലാ കെട്ടിടങ്ങളുടെയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലെയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും ഗവ.പ്ലീഡർമാർ, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റിലെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ വെള്ളക്കരം- ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല.**

| | |
|---|---|
| പ്രൊ.നം | 254/23 |
| അടങ്കൽ | 1,54,000/-(CFC) |
| ചെലവ് | 1,36,897/- (ബിൽ നം 362/20-3-23& 376/24-3-23) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 1,36,897/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പ്രസ്തുത പ്രൊജക്റ്റ് പ്രകാരം പിൻവലിച്ച് തനത് ഫണ്ടിൽ ഒടുക്കിയതായി കാണുന്നു. ആസ്തി ആർജ്ജിക്കുന്നില്ലാത്ത ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9/18-12-23) മറുപടിയായി കുടിവെള്ളവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പരിപാലനം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ചെലവഴിക്കാമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചത് എന്നറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. കുടിവെള്ളം ശുചിത്വം എന്നിവ ഉൾപ്പടെ ആസ്തി സൃഷ്ടിക്കുന്ന പ്രൊജക്റ്റുകൾക്ക് മാത്രമേ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവൂ. ആവർത്തനചെലവുകൾക്ക് വികസനഫണ്ട്/ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാൻ അനുമതി ലഭ്യമായിരുന്നില്ല. പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-18 വിവിധ നിക്ഷേപപ്രവർത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

ഗ്രാമപഞ്ചായത്ത് 2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക്/ ജില്ലാപഞ്ചായത്തിന് നൽകിയ വിഹിതം കൈമാറൽ പ്രോജക്റ്റുകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവഴിച്ച തുക |
|---|---|
| പ്രൊ.നം 131/23<br>പിഎംഎവൈ പഞ്ചായത്ത് വിഹിതം ജനറൽ-<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്- | 70,000/-<br>(ബിൽ നം 275/15-2-23 ) വികസനഫണ്ട് (ജനറൽ) |
| 212/23പിഎംഎവൈ പഞ്ചായത്ത് വിഹിതം SCP-<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്- | 1,70,000/-<br>(ബിൽ നം 298/25-2-23) വികസനഫണ്ട് (ജനറൽ) |
| 214/23 പിഎംഎവൈ പഞ്ചായത്ത് വിഹിതം TSP-<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്- | 46573/-<br>(ബിൽ നം 445/31-3-23 ) വികസനഫണ്ട് (ടി.എസ്.പി)) |
| 145/23 SCഉദ്യോഗാർത്ഥികൾക്ക് പിഎസ്സി പരിശീലനം(SCP) - കോട്ടയം ജില്ലാപഞ്ചായത്ത് | 36066/-<br>(ബിൽ നം 436/30-3-23 ) വികസനഫണ്ട് (എസ്.സി.പി)) |
| ആകെ | 322639/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9/18-12-23) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ആകെ ചെലവ് തുകയായ 3,22,639/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-19 സ്ട്രീറ്റ് ലൈറ്റ് -മീറ്റർ സ്ഥാപിച്ചിട്ടില്ല.**

മണിമല ഗ്രാമപഞ്ചായത്തിന്റെ 1146423000094 എന്ന കൺസ്യൂമർ നമ്പറിൽ പ്രവർത്തിക്കുന്ന വിവിധ സ്ട്രീറ്റ് ലൈറ്റുകൾ, മീറ്ററുകൾ ഘടിപ്പിക്കാതെയാണ് പ്രവർത്തിച്ചു വരുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തിലെ ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള രജിസ്റ്ററുകൾ പരിപാലിക്കാത്തതിനാൽ വ്യക്തത ഇല്ല. സ്ട്രീറ്റ് ലൈറ്റുകൾ മീറ്റർ ഘടിപ്പിക്കാതെ പ്രവർത്തിക്കുന്നതിന്റെ കാരണവും ആകെ ലൈറ്റുകളുടെ എണ്ണവും സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/08.12.23) സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണെന്നും ടി സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി സമ്പൂർണ്ണ മീറ്ററിംഗ് സാധ്യമാകും എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മീറ്റർ ഘടിപ്പിക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്ട്രീറ്റ് ലൈറ്റുകളിലും മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, പോസ്റ്റ് നമ്പർ, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-20 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് ഇല്ലാത്ത കരാറുകാരന് പ്രവൃത്തി നൽകി**

ഗ്രാമപഞ്ചായത്തിൽ വിവിധ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന്(പ്രോജക്റ്റ് നം 240/23, 185/23,193/23 ) കരാർ എടുത്തിരുന്ന ശ്രീമതി. ദീപ.കെ, രമണി സോളാർ എന്നയാൾക്ക് ഇലക്ട്രിക്കൽ വർക്കുകൾ നിർവ്വഹിക്കുന്നതിനുള്ള ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് ഉള്ളതായി കാണുന്നില്ല. കോൺട്രാക്ട് ലൈസൻസ് ഇല്ലാത്ത കരാറുകാരന് പ്രവർത്തി ഏൽപിച്ച് നൽകിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9/18-12-23) മറുപടിയായി കരാറുകാരിയുടെ സൂപ്പർവൈസർക്ക് ഇലക്ട്രിക്കൽ കോൺട്രാക്റ്റ് ലൈസൻസ് ഉള്ളയാളാണെന്നും പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. സൂപ്പർവൈസർക്ക് ലൈസൻസ് ഉണ്ടെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. തുടർ വർഷങ്ങളിൽ കരാർ നൽകുമ്പോൾ ലൈസൻസ് ഉള്ള കരാറുകാരെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 വനം പുറമ്പോക്ക് ഭൂമിയിലെ പഞ്ചായത്ത് കെട്ടിടങ്ങൾ - -കെട്ടിടങ്ങൾ ആസ്തിയിലുൾപെടുത്താനുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.**

വളകോടി ചതുപ്പ് സാസംകാരിക നിലയം, പുളിക്കാംപാറ കമ്മ്യൂണിറ്റി ഹാൾ എന്നിവ ഉൾപ്പെടുന്ന ഭൂമി വില്ലേജ് രേഖകൾ പ്രകാരം സർക്കാർ വനം പുറമ്പോക്ക് എന്നാണ് ഉള്ളത്. വർഷങ്ങളായി ടി കെട്ടിടങ്ങൾ പഞ്ചായത്തിന്റെ കൈവശത്തിലുള്ളതാണെന്നും മുൻ സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ടി കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പരിപാലിച്ചു പോരുന്നതാണെന്നുമുള്ള വസ്തുതകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റി വിലയിരുത്തുകയുണ്ടായി. പഞ്ചായത്തിലെ ഗ്രാമസഭകൾ ഉൾപ്പെടെയുള്ള യോഗങ്ങളും മറ്റ് പൊതുപരിപാടികളും നടത്തുന്നതിന് ടി കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ ടി കെട്ടിടങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷം പുളിക്കാംപാറ കമ്മ്യൂണിററി ഹാളിൽ ടോയ്ലറ്റ് നിർമ്മിക്കുന്നതിനും വളകോടി ചതുപ്പ് സാംസ്കാരിക നിലയത്തിൽ കുടിവെള്ള സംവിധാനം ഒരുക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഗ്രാമപഞ്ചായത്ത് വർഷങ്ങളായി കൈവശം വെച്ച് പരിപാലിച്ചു പോരുന്ന ടി രണ്ട് പൊതു കെട്ടിടങ്ങളും ഉൾപ്പെടുന്ന ഭൂമി പഞ്ചായത്തിന് വിട്ടു തരുന്നതിന് ബഹു.ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുന്നതിന് കമ്മറ്റിയുടെ 28-1-23ലെ 2/*1നം* തീരുമാനപ്രകാരം ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചിരുന്നു. തുടർ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/20-12-23) മറുപടിയായി

വിഷയം ജില്ലാകളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. പഞ്ചായത്ത് മുൻവർഷങ്ങളിൽ വളരെയധികം തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടാത്ത സ്ഥിതിവിശേഷമുള്ളതിനാൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ വരുന്നത് കെട്ടിടം നാശോന്മുഖമാകുന്നതിനിടയാക്കുന്നതാണ്. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുന്നതിന് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മഴക്കാലപൂർവ്വ ശുചീകരണം-ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാൻ അവശേഷിക്കുന്നു.

**ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 2020-21,2021-22 വർഷങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി തനതു ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ചിരുന്നു. ചെലവ് സംബന്ധിച്ച വൌച്ചറുകൾ യഥാസമയം അക്കൌണ്ട്സ് സെക്ഷനിലേയ്ക്ക് ലഭിക്കാത്തത് കാരണം ടി രണ്ടു വർഷങ്ങളിലായി ചെലവഴിച്ച 3 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിന് സാധിച്ചിരുന്നില്ല . ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത തുക അനുവദിച്ചു തരണമെന്ന് സംസ്ഥാന ശുചിത്വ മിഷൻ അധികൃതരോട് അഭ്യർത്ഥിച്ച് തീരുമാനിച്ച് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മറ്റിയുടെ 28-1-23ലെ 3/1നമ്പരായി തീരുമാനമെടുത്തിരുന്നു. തുക ലഭ്യമായിരുന്നെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/20-12-23) മറുപടിയായി സംസ്ഥാനശുചിത്വമിഷന് തുക ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കി ശുചിത്വമിഷനിൽ നിന്നും തുക നേടിയെടുക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.**

## 1-23 " ടേക്ക് എ ബ്രേക്ക് പബ്ളിക് ടോയ്ലറ്റ് " ആവശ്യമായ അനുമതികൾ ലഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത 86/23 നമ്പർ പ്രോജക്ടായ " ടേക്ക് എ ബ്രേക്ക് പബ്ളിക് ടോയ്ലറ്റ് " കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയത് KSTP ഉടമസ്ഥതയിലുള്ള സ്ഥലമാണ്. ബിജു തോമസ് കരാറെടുത്ത പ്രവൃത്തി (ഫേസ് 1) പൂർത്തിയാക്കി ഫൈനൽ ബിൽ നല്കിയിട്ടുണ്ട്. ഇതിനായി തൻ വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 990000/- രൂപയും (ബിൽ നം *തീ 297*25-2-2023) ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 206739/- (PFMS) രൂപയും ഉൾപ്പെടെ 1196739/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി (ഫേസ് 2 ) പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല.



കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിക്കൊണ്ട് KSTP നല്കിയ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് KSTP യുമായി 200രൂപയുടെ മുദ്രപത്രത്തിൽ കരാർ വക്കണമെന്നും സമീപത്ത് വാസഗൃഹങ്ങൾ ഉള്ളതിനാൽ പഞ്ചായത്ത് സ്വന്തം നിലക്ക് അവരുടെ സമ്മത പത്രം നേടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ട് വ്യവസ്ഥകളും പാലിക്കാതെയാണ് ഫേസ് 1 പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്തല്ലാതെ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ അനുമതി നല്കുന്ന സ്ഥാപനവുമായി പ്രവൃത്തിനിർവ്വഹണത്തിന് അനുവദിച്ച സ്ഥലത്തിന്റെ അളവ് ഉൾപ്പെടെ ഉൾപ്പെടുത്തി കരാർചമച്ചില്ല എങ്കിൽ ഭാവിയിൽ ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടാകുകയാണെങ്കിൽ ചെലവ് തുകക്ക് പഞ്ചായത്തിന് മാത്രമായിരിക്കും ഉത്തവാദിത്വം. പഞ്ചായത്ത് ഭരണസമിതി വിഷയത്തിൽ ഇടപെട്ട് ആവശ്യമായ അനുമതികൾ വാങ്ങിയും കരാർ ചമച്ചും പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

**1-24 എസ് സി പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നു**

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ളതും "ഷീ കോംപ്ലക്സ് "എന്ന് നാമകരണം ചെയ്തിട്ടുള്ളതുമായ കെട്ടിടത്തിന്റെ മുകൾ നില വയറിംഗ്/പ്ലംബിംഗ് നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഷീ കോംപ്ലക്സ് വയറിംഗ്78/23 | വികസനഫണ്ട് എസ് സി പി | 50000/- | 49504/- ബിൽ നം 22/30-1-23 |
| 2 | ഷീ കോംപ്ലക്സ് പ്ലംബിംഗ് 79/23 | വികസനഫണ്ട് എസ് സി പി | 47000/- | 46339/- ബിൽ നം 30/20-3-23 |
| | | തനത് ഫണ്ട് | 3000/- | 00 |
| | | ആകെ | 100000/- | 95843/- |

മേൽ പറഞ്ഞ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് അധിക വിവരങ്ങൾ കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 2/19-12-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി മണിമല പഞ്ചായത്തിലെ എസ് സി വനിതകൾക്ക് തൊഴിൽ പരിശീലന, വിപണനകേന്ദ്രം തുടങ്ങുന്നതിനാണ് പട്ടികജാതി വികസനഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളത് എന്നും കെട്ടിട നിർമ്മാണത്തിനായി വികസനഫണ്ട് (എസ് സി പി) 1973950/- രൂപയാണ് നാളിതുവരെ വകയിരുത്തിയിരുന്നതെന്നും മറുപടി നല്കി. നിലവിൽ കുടുംബശ്രീ ഓഫീസ് താല്കാലികമായി പ്രവർത്തിക്കുന്നു എന്നും അറിയിച്ചു. ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പഞ്ചായത്ത് വാഹനം സൂക്ഷിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത കെട്ടിടത്തിനായി 21 ലക്ഷം രൂപയോളം ചെലവഴിച്ചെങ്കിലും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ച എസ് സി വനിതകൾക്ക് തൊഴിൽ പരിശീലന, വിപണനകേന്ദ്രം തുടങ്ങുന്നതിന് സാധിച്ചില്ല എന്ന് മാത്രമല്ല. പ്രസ്തുത കെട്ടിടം പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. എസ് സി പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ച ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നതിനാൽ തൻ വർഷം പ്രസ്തുത കെട്ടിട നിർമ്മാണ ആവശ്യത്തിനായി വികസനഫണ്ട് (എസ് സി പി)യിൽ നിന്നും ചെലവഴിച്ച 95843/- രൂപ തടസ്സപ്പെടുത്തുന്നു.വികസനഫണ്ട് (എസ് സി പി) ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിച്ച് വിവരം അറിയിക്കേണ്ടതും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

**1-25 2017-18 ൽ ആരംഭിച്ച പൊതുശുചിമുറി നാളിതുവരെ ജനോപകാരപ്രദമാക്കിയില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മണിമല ഗ്രാമപഞ്ചായത്ത് 2017-18 വർഷം ഏറ്റെടുത്തതാണ് പഞ്ചായത്ത് സ്റ്റേഡിയത്തിന് സമീപം പബ്ളിക് കംഫർട്ട് സ്റ്റേഷൻ എന്ന പ്രോജക്ട്

.1275000/-രൂപ അടങ്കലിൽ ധനകാര്യകമ്മീഷൻ ഗ്രാന്റും ,കേന്ദ്ര വിഹിതവും വകയിരുത്തിയ പ്രോജക്ട് മനോജ് തോമസ് എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുകയും 27-11-2021 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. നിർമ്മാണ സമയത്ത് എസ്റ്റിമേറ്റ് റിവിഷൻ നടത്തി സ്ട്രക്ചർ നിർമ്മാണം



മാത്രമായി പരിമിതപ്പെടുത്തി. 11/2021 ൽ സ്ട്രക്ചർ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയെങ്കിലും കരാറുകാരന് 255000/- രൂപ മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 22-3-2022 ന് നല്കിയത്. ബാക്കി തുക 927991 രൂപ ( പ്രോജക്ട് നമ്പർ 44/23 പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് 210000 (ബിൽ നം 32/21-1-23)+ സംസ്ഥാനവിഹിതം717991 രൂപ (ചെക്ക് നം 124747/12-1-2023)) 2022-23 വർഷവും നല്കിയിട്ടുണ്ട്. നാളിതു വരെ ആകെ 1182991/- രൂപ ചെലവഴിച്ചെങ്കിലും 2017-18 വർഷം ആരംഭിച്ച പദ്ധതി നാളിതു വരെ പൂർത്തീകരിച്ച് ജനോപകാര പ്രദമാക്കിയിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സമയബന്ധിതമായി പൂർത്തീകരിച്ച് ഫലപ്രദമാക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഫലപ്രദമാക്കുന്നതുവരെ ഓഡിറ്റ് വർഷം ചെലവഴിച്ച 927991 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ലൈഫ് ഭവനപദ്ധതി പ്രവൃത്തി പൂർത്തീകരിക്കുന്നുള്ള ഗുണഭോക്താക്കളുടെ വിവരം

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയുടെ രണ്ടാംഘട്ടത്തിലും ആയതിന്റെ അനുബന്ധ ലിസ്റ്റിലും ഉൾപ്പെട്ട ഗുണഭോക്താക്കളിൽ കരാർ വച്ച് നിർമ്മാണം ആരംഭിച്ച താഴെ പറയുന്നവർ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

| ക്ര നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റാണി രാജമ്മ | 140000/- |
| 2 | ശ്യാമള രവീന്ദ്രൻ | 40000/- |
| 3 | ശ്രീലത വി സി | 360000/- |
| 4 | മോളി ചാക്കോ | 36000/- |
| 5 | ലിറ്റിജോസഫ് | 360000/- |
| 6 | മോളിജോസഫ് | 40000/- |
| 7 | അമീർഖാൻ | 40000/- |
| 8 | സുൽഫിയ അനീഷ് | 360000/- |
| 9 | അമ്മിണി കുഞ്ഞുമോൻ | 300000/- |
| 10 | അമ്മിണി വി പി | 140000/- |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പു വരുത്തേണ്ടതാണ്.

## 1-27 ഓഡിറ്റ് ഇംപാക്ട്

2022-23 ഓഡിറ്റിന്റെ ഭാഗമായി നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പുകളിൽ അപാകതകൾ പരിഹരിച്ചും തൃപ്തികരമായ വിശദീകരണങ്ങൾ നല്കിയും അധികമായി നൽകിയ തുകകൾ തിരികെഅടച്ചും (78412/-രൂപ)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയ പരാമർശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1/22-23 | സ്കോളർഷിപ്പ് തുക അധികം നല്കിയത് | 6250/- രൂപ രസീത് നം 1230202552,2517 തീ 21-12-23 പ്രകാരം അടവാക്കി |
| 2 | 12/22-23 | കാലിബാരലിന്റെ വില ഈടാക്കിയില്ല | 6443/- രൂപ രസീത് നം 1230202556 തീ 21-12-23 പ്രകാരം അടവാക്കി |
| 3 | 11/22-23 | ഗുണഭോക്തൃസമിതി വഴി മരാമത്ത് പ്രവൃത്തി അധികച്ചെലവ് | 9871/- രൂപ രസീത് നം 1230202548 തീ 21-12-23 പ്രകാരം അടവാക്കി |
| 4 | 6/22-23 | കരാറുകാരനെ തെരഞ്ഞെടുത്തത് നിയമാനുസൃതമല്ല | 1131/- രൂപ രസീത് നം 1230202553 തീ 21-12-23 പ്രകാരം അടവാക്കി |
| 5 | 5/22-23 | പിഴ ഈടാക്കാതെ സമയദീർഘീകരണം | 47292/- രൂപ രസീത് നം 1230202543,2565 തീ 21-12-23 പ്രകാരം അടവാക്കി |
| 6 | 3/22-23 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ വരുത്തുന്നില്ല | 4913/- രൂപ രസീത് നം 1230202543,2565,2547 തീ 21-12-23 പ്രകാരം അടവാക്കി |
| 7 | 18/22-23 | പെർമിറ്റ് ഫീസ് ഈടാക്കിയത് കുറവ് | 2512/- രൂപ രസീത് നം 1230202554 തീ 21-12-23 പ്രകാരം അടവാക്കി |
| | | ആകെ | 78412/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 19.07.2023 | 20.12.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി** | 2022-23 | 5,60,000/- | ലൈഫ് ഭവന പദ്ധതി (ST) (38/23) | 5,60,000/- | 0 |
| | 2022-23 | 6,20,000/- | ലൈഫ് ഭവന പദ്ധതി - വസ്തു വാങ്ങൽ (SCSP) (37/23) | 6,20,000/- | 0 |
| | 2022-23 | 1,99,953/- | സാന്ത്വന ചികിത്സാപദ്ധതി (20/23) | 1,99,953/- | 0 |
| | 2022-23 | 4,12,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (147/23) | 4,12,500/- | 0 |
| | 2022-23 | 5,00,000/- | പാലിന് ഇൻസെന്റീവ് (95/23) | 5,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 4,00,000/- | അംഗൻവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി (17/23 – GEN) | 4,00,000/- | 0 |
| | 2022-23 | 50,000/- | അതിദരിദ്രരുടെ മൈക്രോ പ്ലാൻ | 50,000/- | 0 |
| | 2022-23 | 2,00,000/- | പാതാലിപ്ലാവ് കോളനിപടി - കുരങ്ങൻ മല വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റ് (46/23) | 2,00,000/- | 0 |
| | 2022-23 | 3,00,000/- | മേലേക്കവല വട്ടക്കുന്നാമല റോഡ് മെയിന്റനൻസ് - വാർഡ് XII (182/23) | 3,00,000/ | 0 |
| | 2022-23 | 2,00,000/- | ചെറുവള്ളി കുരങ്ങൻ മല കറിക്കാട്ടൂർ റീടാറിംഗ് - വാർഡ് II (52/23) | 2,00,000/- | 0 |
| | **ആകെ** | **3,442,453/-** | **ആകെ** | **3,442,453/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2022-23 | 15,90,000/- | ലൈഫ് ഭവന പദ്ധതി (ST) (38/23) | 15,90,000/- | 0 |
| | 2022-23 | 18,20,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ (SCSP) (37/23) | 18,20,000/- | 0 |
| | 2022-23 | 1,45,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (147/23) | 1,45,000/- | 0 |
| | 2022-23 | 2,00,000/- | അംഗൻവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി (17/23) | 2,00,000/- | 0 |
| | **ആകെ** | **3,755,000/-** | **ആകെ** | **3,755,000/-** | **0** |

**4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ (13/23) | 8,43,200/- | 0 | 8,43,200/- |
| 2) | കെ.എസ്.ഇ.ബി | ശബരിമല പാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ (216/23) | 1,00,000/ | 0 | 1,00,000/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 3,889,826/- | 1,480,400/- | *1,025,560/- | - | 4,344,666/- |

*Source Deduction

1) Development Fund General : 3,11,748/- (Proj. No : 259/23)

2) Development Fund General : 3,11,749/- (Proj. No : 255/23)

3) SCSP : 1,79,748/- (Proj. No : 262/23)

4) SCSP : 1,79,749/- (Proj. No : 256/23)

5) TSP : 21,283/- (Proj. No : 257/23)

5) TSP : 21,283/- (Proj. No : 261/23)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ മുന്നിരിപ്പ്, തൻവർഷ നിക്ഷേപം, നീക്കിയിരിപ്പ് കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (The Manimala Service Co-operative Bank Ltd No. 641, Karikkattoor Br./ F.D A/c No. 3325) | 1,51,088/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ @ 7.25 %) | 10,954/- |
| ആകെ | 162,042/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം (31.03.2023) അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 162,042/- |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം, ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

മണിമല ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 Plan | 1 | 2003-04 | 3-5-1 | ജലസേചന പദ്ധതികളിൽ പാഴ്ചെലവ് (ആകെ 3,351,484/- രൂപ) | നിയമസഭാ സമിതി 2016-19 യുടെ 32-മത് റിപ്പോർട്ട് ഖ.2-9-5 പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. പരാമർശിത ജലസേചന പദ്ധതികളിൽ കൊന്നക്കുളം, കുറിഞ്ഞിപ്പുരയിടം എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു |
| 2010-11 | - | 2012-13 | 2-6 പേജ് 36 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്- നിയമാവലിയില്ല. അനുബന്ധ സൗകര്യങ്ങളില്ല. കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. | നിയമസഭാ സമിതി 2016-19 യുടെ 32-മത് റിപ്പോർട്ട് ഖ.88 പ്രകാരം ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വായന മുറി സജ്ജമാക്കി ഓഡിറ്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല. ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |
| 2014-15 | 2-2-2<br>2-2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 3-2 | 2018-19 | കോട്ടയം ജില്ല-3 | പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപോസിറ്റായി സൂക്ഷിക്കുന്നു. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മണിമല ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 49,616,587/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 34,884,029/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 145918687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 148530985 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,46,473/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3,22,639/- | ഷിജുകുമാർ സി, സെക്രട്ടറി |
| 1-24 | 95,843/- | അഞ്ജലി. പി, അസി.എഞ്ചിനീയർ |
| 1-25 | 9,27,991/- | അഞ്ജലി. പി, അസി.എഞ്ചിനീയർ |
| **ആകെ** | 13,46,473/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും, പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | കെ.എസ്.എ-കെ.ടി.എം.പി13-1669/16/09.08.2017 | 1 |
| 1997-98(വരവ്) | എൽ.എഫ്.കെ.പി9-1233/2007 /02.01.2009 | - |
| 1998-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(2)/2022 /03.08.2022 | 4 |
| 1998-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി13-1669(3)/16 /09.08.2017 | 1 |
| 2000-01 & 2001-02(Plan) | കെ.എസ്.എ-കെ.ടി.എം.പി13-1804/16/05.12.2017 | 9 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(4)/2022 /03.08.2022 | 8 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(5)/2022 /03.08.2022 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(6)/2022 /03.08.2022 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/121(7)/2022 /03.08.2022 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(1)/2022 /03.08.2022 | 5 |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(2)/2022 /03.08.2022 | 18 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(3)/2022 /03.08.2022 | 8 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(4)/2022 /03.08.2022 | 3 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(5)/2022 /03.08.2022 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/841(6)/2022 /03.08.2022 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11-1933/2016/17.07.2017 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11-420/2018/14.03.2018 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1413 /2018/10.02.2021 | 18 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/1143 /2019/15.02.2020 /26.03.2020 | - |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/943 /2022/07.06.2022 /07.08.2022 | - |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1384 /2022/26.11.2022 /01.12.2022 | 18 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി11/448 /2023/31.03.2023 | 49 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി, അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 13-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Manimala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manimala Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Manimala Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31/03/2023.

**2.Other Observations**

1) No provision has been made in the Income and Expenditure Account for arrears for the year (Schedule I-16), as per Kerala Panchayat Raj Accounts Rules - 2011, Rule 58(4) H.

2) The Government/Other dues register is not maintained, which shows the accuracy of the amounts due to the Government/Other Institutions.

3) Health Grant (Building) Bank Account No. 40580101060124 at Kerala Grameen Bank Manimala branch, is not included in the annual financial statements.

4) The amount in the annual financial statementhead 460500501/ RP-49 (Advance to Implementing Officers), and the amount as per advance register of the institution, has not been reconciled with each other.
5) Bidders EMD amount (RP-33/340100103) and amount as per deposit register in the institution, has not been reconciled with each other.
6) The amount in Auction Deposit (RP-33/340200102) and the amount as per deposit register in the institution, has not been reconciled with each other.
7) Rs. 8363800/- towards widow pension and Rs. 5760/- towards unemployment. Allowance are accounted in the same head (Rs.8369560/-) under unemployment allowance.
8)There is a balance of Rs. 2,50,000/- in the annual financial statement B4/320100191 under the head Nirmal Puraskar. Rs. 2,37,791/- spent for Project no. 82/ 2022-23, remains unaccounted.
9) The closing balance of benefciary contribution (Rs. 102895/-) as per AFS (B4 schedule) not match with specific purpose grant register.
10) Distress relief amount in (b-2) schedule, has not been reconciled with RP 40(B).
11.Accounting anomalies are there, in Past Data Entry (PDE) accounting in ILGMS. The (B-1), (B-4) and (B-9) schedule values in ILGMS as on 31.03.2022, are not reconciled with the Sankhya values.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്